ദൈവദാസൻ

# കനീസിയൂസച്ചൻ

1914 - 1998



ദൈവേഷ്ടം - അതുമാത്രം - അതുമുഴുവൻ

## കുഞ്ഞുങ്ങളുടെ കനീസിയൂസച്ചൻ

കുഞ്ഞുങ്ങളോട് ഏറെ പരിഗണനയും വാൽസല്യവും പ്രകടിപ്പിച്ചിരുന്ന സന്യാസ ശ്രേഷ്ഠനാണ് ദൈവദാസൻ കനീസിയൂസച്ചൻ. സി. എം. ഐ. സഭയുടെ ജനറാളായിരുന്ന സമയത്ത് കനീസിയൂസച്ചൻ (1966 - 1972) അൾത്താര ബാലന്മാർക്കും, മറ്റുള്ള കുട്ടികൾക്കും ഇംഗ്ലീഷ് ഗ്രാമർ പഠിപ്പിക്കുകയും, വ്യക്തിത്വ വികസന പരിശീലനവും, പ്രസംഗ പരിശീലനവും നൽകുമായിരുന്നു. കുഞ്ഞുങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയിൽ തൽപരനായിരുന്നു കനീസിയൂസച്ചൻ. കനീസിയൂസച്ചന്റെ പുണ്യപരിമളം കുട്ടികൾക്കായി ഒരുക്കിയിരിക്കുന്ന പുസ്തകത്തിലൂടെ ഒരു വഴിവിളക്കായി കുഞ്ഞുങ്ങൾക്ക് തിരിച്ചു നൽകാനുള്ള ഒരു പരിശ്രമമാണ് ഈ ചിത്രകഥാരചനയിലൂടെ നടത്തുന്നത്. ദൈവദാസൻ കനീസിയൂസച്ചനെ വരും തലമുറയിലെ കുഞ്ഞുങ്ങൾക്ക് പ്രചോദനാത്മകമായി പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഈ പുസ്തകം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ പുസ്തകം പ്രകാശിതമാകുന്നതിലൂടെ അനേകം വ്യക്തികൾ കനീസിയൂസച്ചനെന്ന വ്യക്തിയെ അടുത്തറിയട്ടെ. ഈ പുസ്തകം അണിയിച്ചൊരുക്കുവാൻ മുന്നണിയിലും, പിന്നണിയിലും പ്രവർത്തിച്ച എല്ലാവരെയും സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു. അതോടൊപ്പം ഈ പുസ്തകം വായിക്കുന്നവർക്കും പ്രചരിപ്പിക്കുന്നവർക്കും ധാരാളം ദൈവാനുഗ്രഹങ്ങൾ കനീസിയൂസച്ചൻ വഴി സംലഭ്യമാകട്ടെ എന്ന് ആശംസിക്കുന്നു.



**ഫാ. ഡോ. ഡേവിസ് പനക്കൽ സി.എം.ഐ.**
പ്രൊവിൻഷ്യൽ
ദേവമാതാ പ്രൊവിൻസ്, തൃശ്ശൂർ


**Script**
Simmi Simon
**Illustrations**
Alwin Mathew Thoppan
Roy T Cherian
**Page Layout & Malayalam Type Setting**
Simmi Simon
Sahad Shaji
**Cover Page Illustration**
AlMaTho

**Price ₹30/-**

**First Published in** December 8, 2020
**Published by**
The Vice - Postulator
St. Teresa's Monastery
Kottackal, Mala P.O.,
Kottamuri, Thrissur 680 732
Ph : 0480 2890225, +919447694975
**Printed at**
MMB Offset Press, Thrissur
Ph : 0487 2355794
**Special Thanks**
Bro. Linston Olakkengil CMI
Bro. Remi Vadakkan CMI

**അമ്പഴക്കാട് വി. അമ്മത്രേസ്യ ആശ്രമദേവാലയം**





കനീസിയൂസച്ചന്റെ മൃതദേഹത്തിൽ ഭക്തസാധനങ്ങൾ തൊടുവിച്ചെടുത്ത് തിരുശേഷിപ്പായി സൂക്ഷിക്കാൻ ശ്രമിക്കുന്ന അമ്മയും മകനും.


എന്താമ്മേ കരയുന്നേ?
മകനെ, ഇത്രയും നല്ല അച്ചൻ നമ്മളെവിട്ടുപോയല്ലോ!
എന്തിനാ, അമ്മേ എല്ലാവരും കൊന്തയും, മാലയും എല്ലാം മഞ്ചേല് തൊട്ട് എടുക്കുന്നെ?
അത് അവർക്ക് ഭാവിയിലെ തിരുശേഷിപ്പാണ്. അച്ചനെ എല്ലാവർക്കും അത്രയ്ക്കും ഇഷ്ടമായിരുന്നു.



അച്ചനെ എല്ലാവർക്കും ഇത്രയ്ക്കും ഇഷ്ടമായതെങ്ങനെ?
അച്ചൻ ജീവിച്ച രീതി അങ്ങനെയായിരുന്നു മോനെ.
അച്ചനെകുറിച്ച് എനിക്കും കൂടെ ഒന്നു പറഞ്ഞുതരുമോ അമ്മേ?
തൃശ്ശൂർ ജില്ലയിലെ ആനന്ദപുരം ഇടവകയിലെ ലോനപ്പന്റെയും ഭാര്യ മറിയത്തിന്റെയും ഇളയമകനാണ് കൊച്ചൗസേപ്പ് (കനീസിയൂസച്ചൻ).

1914 മെയ് 12ന് ആണ് കനീസിയൂസച്ചൻ ഇരിങ്ങാലക്കുട രൂപതയിലുള്ള ആനന്ദപുരത്ത് ജനിച്ചത്.



മാലാഖയെപോലെ സ്വർണ്ണോസിനു മദ്ധ്യേ ദിവ്യസക്രാരിനോക്കി മുട്ടിന്മേൽനിന്ന് ദീർഘനേരം പ്രാർത്ഥിക്കുമായിരുന്നു കൊച്ചൗസേപ്പ്.










**പഠനത്തിൽ എന്നും മുൻപന്തിയിലായിരുന്നു കൊച്ചൗസേപ്പ്.**

കനീസിയൂസച്ചൻ പഠിക്കുന്ന സ്കൂളിലേക്ക് ഇൻസ്പെക്ഷനായി ഇൻസ്പെക്ടർ വരുന്നു.




ഇൻസ്പെക്ടറുടെ ചോദ്യങ്ങൾക്ക് കനീസിയൂസച്ചൻ മാത്രം മറുപടി നൽകുന്നു.




എന്റെ ചോദ്യങ്ങൾക്കു ഈ കൊച്ചു മിടുക്കൻ മാത്രമാണ് ഉത്തരം നൽകിയത്.


നിനക്ക് ഞാൻ സമ്മാനം തരുന്നു. ഒപ്പം നാലാം ക്ലാസ്സിലേയ്ക്കുള്ള സ്ഥാനക്കയറ്റവും.

**ഒരു ദിവസം പറപ്പൂക്കരയിലെ പുല്ലോക്കാരനച്ചൻ കൊച്ചൗസേപ്പിന്റെ വീട്ടിലേയ്ക്ക് വരുന്നു.**




**"എത്രയും ദയയുള്ള മാതാവേ..." എന്ന പ്രാർത്ഥനയായിരുന്നു കൊച്ചൗസേപ്പ് ഇക്കാലത്ത് നിരന്തരം ഉരുവിട്ട്കൊണ്ടിരുന്നത്.**



**കൊച്ചൗസേപ്പ് ഒരു ദിവസം അമ്മയോട് തന്റെ ആഗ്രഹം പറയുന്നു.**









എൽത്തുരുത് കൊവേന്തയിൽ നിന്നുകൊണ്ട് ഏഴാം ക്ലാസ് പഠനം പൂർത്തിയാക്കി. അങ്ങനെ കൊച്ചൗസേപ്പ് കർമ്മലീത്ത സഭയിൽ വൈദിക വിദ്യാർത്ഥിയായി. പാവറട്ടി കൊവേന്തയിൽ ആയിരുന്നു വൈദിക വിദ്യാർത്ഥി എന്ന നിലയിൽ ആദ്യത്തെ പഠനം അവിടെനിന്നു പത്താം ക്ലാസ് പഠനം പൂർത്തിയാക്കിയശേഷം അമ്പഴക്കാട് കൊവേന്തയിൽ പഠനം തുടർന്നു. അമ്പഴക്കാട് ആശ്രമദേവാലയത്തോട് ചേർന്നുള്ള നവസന്യാസഭവനത്തിൽ പ്രവേശിച്ചതോടെ കൊച്ചൗസേപ്പ് ബ്രദർ കനീസിയൂസായി മാറി.



ആശ്രമത്തിൽ ദിനശുശ്രൂഷയും തോട്ടം ഒരുക്കുകയും ചെയ്യുന്ന നവസന്യസിയായ കനീസിയൂസ്.

കൊച്ചുപെങ്ങളായ സി. സർസീലയ്ക്ക് മുടങ്ങാതെ കത്തുകൾ എഴുതുമായിരുന്നു ബ്രദർ കനീസിയൂസ്.



സെമിനാരി പഠനപരിശീലനത്തിന് ശേഷം ബ്രദർ കനീസിയൂസ് ഫാ. കനീസിയൂസ് ആയി അഭിഷിക്തനായി.



കനീസിയൂസച്ചൻ ചാവറപിതാവിന്റെ ആദ്ധ്യാത്മീക ശൈലിയാണ് പിന്തുടർന്നിരുന്നത്.



തുടർന്ന് ദൈവശാസ്ത്ര ഉപരിപഠനത്തിനായി കർമ്മലീത്ത സഭയിൽ നിന്ന് കനീസിയൂസച്ചനെ വിദേശത്തേയ്ക്ക് അയച്ചു. അങ്ങനെ, കപ്പൽ മാർഗം കാൻഡിയിലെ പേപ്പൽ സെമിനാരിയിലേക്ക് കനീസിയൂസച്ചൻ യാത്രയായി.






കാൻഡിയിലെ ഉപരിപഠനത്തിന് ശേഷം1948-ൽ റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ, ബൈബിൾ പഠനത്തിനായി പുറപെട്ട ആദ്യത്തെ കർമ്മലീത്ത സന്യാസ വൈദികനായിരുന്നു കനീസിയൂസച്ചൻ.

ഡോ. കനീസിയൂസ്



ഉപരിപഠനത്തിന് ശേഷം ജന്മനാട്ടിൽ തിരിച്ചെത്തി ചെത്തിപ്പുഴ തിരുഹൃദയ സെമിനാരിയിലും, ധർമ്മാരാം സെമിനാരിയിലും ബൈബിൾ അദ്ധ്യാപകനായി തന്റെ അദ്ധ്യാപനദൗത്യം ആരംഭിച്ച കനീസിയൂസച്ചൻ വൈദികവിദ്യാർത്ഥികളുടെ  പ്രിയങ്കരനായ പ്രൊഫസറായി മാറി.



എന്നും വി. കുർബാന അർപ്പിക്കുന്നത് കനീസിയൂസച്ചന് വലിയ ആത്മീയ അനുഭവമായിരുന്നു.



**ഒരിക്കൽ കുർബാന ശുശ്രൂഷിയായ പോളിനോട് കനീസിയൂസച്ചൻ ഇപ്രകാരം സംസാരിച്ചു.**






കനീസിയൂസച്ചൻ എന്നും ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു.




തിരുനാളുകൾക്ക് നവസന്യാസികൾക്കും വൈദികവിദ്യാർത്ഥിക്കൾക്കും സമ്മാനങ്ങൾ നൽകുന്ന ശൈലി കനീസിയൂസച്ചന് ഉണ്ടായിരുന്നു.



**കനീസിയൂസച്ചന്റെ ഓർമ്മശക്തിയിൽ സഹവൈദീകരും വൈദീകാർത്ഥി കളും അത്ഭുതപ്പെടുമായിരുന്നു.**









**ഒരിക്കൽ ഒരു നവവൈദികൻ കനീസിയൂസച്ചനോട് ചോദിച്ചു.**






**സി.എം.ഐ സഭയിൽ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലെല്ലാം കനീസിയൂസച്ചൻ നിയമിതനായിട്ടുണ്ട്. ധർമ്മാരാം കോളേജ് റെക്ടർ, സി.എം.ഐ സഭയുടെ പ്രിയോർ ജനറാളച്ചൻ, തൃശൂർ ദേവമാതാപ്രവിശ്യയുടെ പ്രൊവിൻഷ്യാളച്ചൻ, വികാർ ജനറാളച്ചൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിച്ചു.**



16 വർഷത്തെ ചാലക്കുടിക്കടുത്തുള്ള പരിയാരം CSR ലെ പ്രാർത്ഥനാ ജീവിതത്തിന് ശേഷം കനീസിയൂസച്ചൻ അമ്പഴക്കാട് ആശ്രമത്തിലെ അംഗമായി തുടർന്നു.



പിന്നീട് കനീസിയൂസച്ചൻ ശാരീരികമായി വേദനകൾ അനുഭവിച്ചപ്പോൾ ദീനമുറിയിലേക്ക് മാറി.




അയ്യോ അമ്മേ അപ്പോ അച്ചൻ എങ്ങനെയാ എല്ലാരെയും പഠിപ്പിക്കുക?
"രോഗങ്ങൾക്കിടയിലും അച്ചൻ അതെല്ലാം നന്നായിതന്നെ ചെയ്തു മോനെ. ദീനമുറിയിലും കനീസിയൂസച്ചൻ നവവൈദികരെയും സന്യാസാർത്ഥികളേയും പഠിപ്പിച്ചിരുന്നു."

**നവസന്യാസ ഗുരുവായ പോളി താഴത്തച്ചൻ ഒരു ദിവസം കനീസിയൂസച്ചനോട് സംസാരിക്കുന്നു.**




**പോൾ അച്ചന്റെ ചോദ്യത്തിനു കനീസിയൂസച്ചൻ ചിരിച്ചുകൊണ്ട് ഉത്തരം പറഞ്ഞു.**




അമ്മേ ബാക്കി പറ.. അച്ചനെന്ത് അസുഖമായിരുന്നു?
കനീസിയൂസച്ചന്റെ വലത്തേ കൈയും കാലും തളർന്നുപോയി. അപ്പോഴും അച്ചൻ പ്രാർത്ഥനയിൽ അഭയം തേടി.
ദൈവം ഇത്ര നല്ല അച്ചന്റെ കൂടെ എപ്പോഴും ഉണ്ടാകും അല്ലേ, അമ്മേ.


അച്ചന് ഇപ്പൊ
എങ്ങനെയുണ്ട്? രോഗം
കുറവുണ്ടോ?
ഞാൻ വളരെ
സന്തോഷവാനാണ്.


അച്ചന്റെ അസുഖം മാറാൻ
ഞങ്ങൾ പ്രാർത്ഥിക്കാം.

**കനീസിയൂസച്ചനെ കാണാൻ വരുന്ന സന്ദർശകരോട് എപ്പോഴും ഇങ്ങനെ പറഞ്ഞിരുന്നു.**







അച്ചന് പാട്ട് പാടികൊടുക്കണം. "വാ വാ യേശുനാഥാ.." ആ പാട്ട് അച്ചന് വളരയധികം ഇഷ്ടമാണ്.


ഞങ്ങൾ തീർച്ചയായും പോയി പാടിക്കൊടുക്കാം സിസ്റ്റർ.




**പ്രാർത്ഥനയ്ക്ക് ശേഷം അവർ കനീസിയൂസച്ചന് "വാ വാ യേശുനാഥാ..."എന്ന പാട്ട് പാടിക്കൊടുത്തു.**




**കനീസിയൂസച്ചന്റെ അടുത്ത് പ്രാർത്ഥനാസഹായത്തിനായി വരുന്ന എല്ലാവരോടും അച്ചൻ ഇങ്ങനെ പറഞ്ഞിരുന്നു.**

**ബഹുമാനപെട്ട ജോൺ തറയിലച്ചൻ കനീസിയൂസച്ചനെ സന്ദർശിക്കാനായി വരുന്നു.**






## മാലാഖമാരുടെ കരങ്ങളിലേയ്ക്ക്.....





ബഹുമാനപെട്ട കനീസിയൂസച്ചന്റെ ജീവിതത്തിലെ അനുസ്മരണാർഹ സംഭവങ്ങൾ

**ബാല്യകാലം**

| | |
|---|---|
| **1914 മെയ് 12** | ജനനം ,ആനന്ദപുരം |
| **1914 മെയ് 12** | മാമ്മോദീസ , പറപ്പൂക്കര |
| **1919 - 1923** | പ്രാഥമിക വിദ്യാഭ്യാസം, ആനന്ദപുരം |
| **1923** | നാലരക്ലാസ്സ് , പറപ്പൂക്കര |
| **1924 - 1927** | വീട്ടിൽ |
| **1927 - 1928** | നാലരക്ലാസ്സ്, എൽത്തുരുത്ത് |
| **1928 - 1931** | യു.പി. സ്കൂൾ ,എൽത്തുരുത്ത് |

**പരിശീലനകാലം**

| | |
|---|---|
| **1931 - 1934** | യോഗാർത്ഥി : ഹൈസ്ക്കൂൾ പാവറട്ടി |
| **1934 - 1935** | നവസന്യാസി : അമ്പഴക്കാട് |
| **1934 - നവംബർ 23** | സഭാവസ്ത്രസ്വീകരണം |
| **1935 - നവംബർ 24** | ആദ്യവ്രതം |
| **1935 - 1936** | റെക്ക്വറിക് , ഭാഷാപഠനം, കൂനമ്മാവ് |
| **1936 - 1942** | സെമിനാരിപഠനം , മംഗലാപുരം |
| **1942 ഡിസംബർ 21** | പൗരോഹിത്യ സ്വീകരണം. മംഗലാപുരം |

**സേവനകാലം**

| | |
|---|---|
| **1943 - 1944** | ആശ്രമശുശ്രൂഷ, പ്രിയോർ ജനറാൾസ് ഹൗസ് എറണാകുളം |
| **1944 - 1945** | ഡി.ഡി. പഠനം , കാൻഡി |
| **1945 - 1948** | സെമിനാരി പ്രൊഫസർ, ചെത്തിപ്പുഴ |
| **1948** | ഇൻററമീഡിയറ്റ് പഠനം, എസ്.ബി. കോളേജ് ചങ്ങനാശ്ശേരി |
| **1948 - 1952** | ഡി .എസ്. എസ്; ഗവേഷണപഠനം,റോം |

| | |
|---|---|
| **1953 - 1957** | സെമിനാരി പ്രൊഫസർ, ചെത്തിപ്പുഴ |
| **1957 - 1959** | സെമിനാരി പ്രൊഫസർ ; സ്പിരിച്വൽ മാസ്റ്റർ, ബാംഗ്ലൂർ |
| **1959 - 1966** | റെക്ടർ , പ്രൊഫസർ, ബാംഗ്ലൂർ |
| **1966 - 1972** | പ്രിയോർ ജനറാൾ, എറണാകുളം |
| **1972 - 1975** | പ്രൊവിൻഷ്യാൾ, തൃശ്ശൂർ |
| **1975 - 1977** | സെമിനാരി പ്രൊഫസർ ; സുപ്പിരിയർ, ബാംഗ്ലൂർ |
| **1977 - 1978** | റിന്യൂവൽ ടീം മെമ്പർ, എറണാകുളം |
| **1978 - 1981** | വികാരി ജനറാൾ, എറണാകുളം |
| **1981 - 1996** | ആത്മിയ ഗുരു, പരിയാരം |

**അന്ത്യകാലം**

| | |
|---|---|
| **1996 - 1998** | ആശ്രമാംഗം, അമ്പഴക്കാട് |
| **1998 ജനുവരി 29** | മരണം , അമ്പഴക്കാട് |
| **1998 ജനുവരി 30** | കബറടക്കം, അമ്പഴക്കാട് |

**കനീസിയൂസച്ചന്റെ കൃതികൾ**

1. In The Service of the Word of God
2. വിശുദ്ധ വത്സരചിന്തകൾ
3. കേരളസഭാ സമുദ്ധാരകൻ
4. ദൈവാനുഭവം സുഖകരമാക്കുന്ന വാ. ചാവറയുടെ ലളിതമായ പ്രാർത്ഥന രീതി. (കുറുക്കുവഴി)
5. സാൽവേഷൻ ഹിസ്റ്ററി സീരിസ്
6. ഭരണസേവനവും പ്രാർത്ഥനജീവിതവും



### നാമകരണജപം

സ്നേഹപിതാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ എളിയ ദാസനായ കനീസിയൂസച്ചൻ വഴി അങ്ങ് നൽകിയ അനുഗ്രഹങ്ങളെയോർത്ത് ഞങ്ങൾ നന്ദി പറയുന്നു. ഏതു പ്രതിസന്ധിയിലും ദൈവേഷ്ടം മുഴുവനായി നിറവേറ്റുവാൻ ജീവിതം ഉഴിഞ്ഞുവച്ച അദ്ദേഹത്തിന്റെ മാതൃക, അനുദിനജീവിതത്തിൽ ഞങ്ങൾക്ക് പ്രചോദനമാകട്ടെ. വചനത്തിന് അനുസൃതമായി ജീവിക്കുവാനും വചനം പ്രഘോഷിക്കുവാനും കനീസിയൂസച്ചൻ പ്രകടമാക്കിയ തീക്ഷ്ണത ഞങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ അനുഗ്രഹിക്കണമെ. നല്ലവനായ ദൈവമേ, അങ്ങേ മഹത്വത്തിനായി കനീസിയൂസച്ചൻ അൾത്താരയിൽ വണങ്ങപ്പെടുന്നതിന് ഇടവരുത്തണമേ. അദ്ദേഹത്തിന്റെ മാധ്യസ്ഥം വഴി ഞങ്ങൾ അപേക്ഷിക്കുന്ന പ്രത്യേക അനുഗ്രഹങ്ങൾ........ അങ്ങ് ഞങ്ങൾക്ക് നൽകണമെ. ഈ അപേക്ഷകൾ പരി. കർമ്മലനാഥയും, വി. ചാവറ പിതാവും വഴി കർത്താവീശോമിശിഹായുടെ നാമത്തിൽ അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

കേരളകത്തോലിക്കാസഭയ്ക്ക് ദൈവം നൽകിയ അമൂല്യമായ നിധിയാണ് ദൈവദാസൻ കനീസിയൂസച്ചൻ. കാലഘട്ടത്തിന്റെ പ്രവാചകനായി കുടുംബങ്ങളെ പുനരുദ്ധരിക്കുന്നതിന് കനീസിയൂസച്ചൻ ആരംഭിച്ച സുവിശേഷപ്രവർത്തനങ്ങൾ ഇന്ന് ലോകം മുഴുവനും അറിയപ്പെടുന്ന അവസ്ഥയിലേക്ക് ദൈവം ഉയർത്തി എന്നതിൽ ഏറെ അഭിമാനമുണ്ട്. ജീവിതത്തിലെ സമസ്തമേഖലകളിലും ദൈവത്തോടൊപ്പം യാത്ര ചെയ്തു എന്നതാണ് കനീസിയൂസച്ചന്റെ സവിശേഷത.

സഹനങ്ങളിലും രോഗങ്ങളിലും സന്തോഷത്തിലും സൗഭാഗ്യത്തിലും ദൈവത്തിന്റെ അദൃശ്യമായ സാന്നിധ്യം ഇദ്ദേഹത്തിന് എന്നും കൂട്ടിനുണ്ടായിരിന്നു. ലോകത്തിന് തീർത്തും അഗ്രാഹ്യവും മനുഷ്യർക്ക് തികച്ചും അപരിചിതവുമായ വഴികളിലൂടെ യാത്രചെയ്യുമ്പോഴും അന്ധകാരശക്തികളോടും ആരോപണങ്ങളോടും പൊരുതേണ്ടിവന്നപ്പോഴും ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്നുള്ള ആഴമായ വിശ്വാസദർശനം കനീസിയൂസച്ചന് ശക്തിപകർന്നിരുന്നു.



**മാർ പോളി കണ്ണൂക്കാടൻ**

ഇരിങ്ങാലക്കുട രൂപതമെത്രാൻ

---

**ദൈവദാസൻ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം വഴി അനുഗ്രഹങ്ങൾ ലഭിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലേക്ക് അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.**

**The Vice - Postulator**
**St. Teresa's Monastery**
**Kottackal, Mala P.O.,**
**Kottamuri, Thrissur 680 732**
**Ph : 0480 2890225, +919447694975**




CMI Devamatha Province
Patturaikkal, Thiruvambadi P.O.
Thrissur - 680 022, Kerala, India
E-mail : devmatha@gmail.com | Web : www.devamatha. in